ഹരിജനക്ഷേമവും സാമൂഹ്യവികസനവും വകുപ്പു മന്ത്രി (ശ്രീ. ദാമോദരൻ കാളാശ്ശേരി):

(എ) ഗിരിവർഗ്ഗക്ഷേമ ബോർഡ് എന്നൊരു സ്ഥാപനം ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

ബസ്സിലെ സീറ്റുകളുടെ ക്രമീകരണം

*538 [572] ശ്രീ. ഇ. കെ. പിള്ള: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗതവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഇപ്പോഴത്തെ 2+3 സീറ്റുകളും ഘടിപ്പിച്ചിട്ടുള്ള എല്ലാ ഓർഡിനറി ബസ്സുകളിലും 2+2 സീറ്റുകളും ഘടിപ്പിച്ച് കൂടുതൽ യാത്രക്കാരെ ഉൾക്കൊള്ളാൻ നടപടി സ്വീകരിക്കുമോ ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. കെ. നാരായണക്കുറുപ്പ്):

നിലവിലുള്ള ഫാസ്റ്റ് പാസഞ്ചർ ബസ്സുകളും ഓർഡിനറിയായി മാറ്റുമ്പോൾ നിർബന്ധമായും 2+2 സീറ്റുകളും ഘടിപ്പിക്കുക എന്ന തത്വം മോട്ടോർ വെഹിക്കിൾസ് റൂൾസിന് വിധേയമായി പാലിക്കാറുണ്ട്. എന്നാൽ നിലവിലുള്ള എല്ലാ ബസ്സുകളിലേയും സീറ്റുസംവിധാനം ഈ രീതിയിൽ ഉടനടി മാറ്റുവാൻ പ്രായോഗിക ബുദ്ധിമുട്ടുണ്ട്.

പി. എസ്. സി. തിരഞ്ഞെടുത്ത ഡ്രൈവർമാരുടെ ലിസ്റ്റ്

*539 [573] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി. യിലേക്കു പി. എസ്. സി. തിരഞ്ഞെടുത്ത ഡ്രൈവർമാരുടെ ലിസ്റ്റ് നിലവിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ അനേകം ആളുകൾ തൊഴിലില്ലാതെ കഴിയുമ്പോൾ റിട്ടയർ ചെയ്ത ഡ്രൈവർമാരെക്കൊണ്ട് വീണ്ടും ജോലി ചെയ്യിപ്പിക്കുന്ന ഏർപ്പാട് നിറുത്തലാക്കുമോ ?

ഗതാഗതവകുപ്പു മന്ത്രി (ശ്രീ. കെ. നാരായണക്കുറുപ്പ്):

(എ) ലിസ്റ്റ് നിലവിലില്ല,

(ബി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽനിന്നും ആവശ്യത്തിന് ഡ്രൈവറൻമാരെ കിട്ടാത്തതുകൊണ്ടാണ് റിട്ടയർചെയ്ത ഡ്രൈവർമാരെ താൽക്കാലികാടിസ്ഥാനത്തിൽ നിയമിക്കേണ്ടിവന്നിരിക്കുന്നത്. ഡ്രൈവറൻമാരുടെ അഡ്വൈസ് ലിസ്റ്റ് പി. എസ്. സി. യിൽനിന്നും കിട്ടികഴിഞ്ഞാൽ താൽക്കാലികമായി നിയമിക്കുന്നവരെ പിരിച്ചു വിടുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly